വിവരാവകാശം / മറുപടി

നം. D2-16168/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 18.12.2018.
Email - swdkerala@gmail.com
Phone : 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. ജയകുമാരൻ നായർ വി.,
ചെല്ലം, YGRA 27/C,
കവടിയാർ പി.ഒ.,
തിരുവനന്തപുരം - 695 003.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 19.10.2018 തീയതി പ്രകാരമുള്ള വിവരാവകാശ അപേക്ഷ.

സൂചന പ്രകാരമുള്ള വിവരങ്ങൾക്ക് മറുപടി ചുവടെ ചേർക്കുന്നു.

1. 2018-19 വർഷം വകുപ്പിൽ നിന്നുള്ള ധനസഹായത്തിനായി NGOകളിൽ നിന്നും അപേക്ഷ ക്ഷണിച്ചപ്പോൾ, സ്ഥാപനത്തിന്റെ നടത്തിപ്പിന് അപേക്ഷിക്കുന്നവർ OCB, PWD രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും, പദ്ധതികൾ നടപ്പിലാക്കുന്നതിന് അപേക്ഷിക്കുന്നവർ NGO രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത്. NGOകളുടെ പ്രവർത്തി പരിചയം മേൽ രജിസ്ട്രേഷനിൽ ഉൾപ്പെടുന്നവയായതിനാൽ ആയത് പ്രത്യേകം പരാമർശിച്ചിരുന്നില്ല. ആയത് സംബന്ധിച്ച് സർക്കുലർ ലഭ്യമാകുന്നതിന് 2 രൂപ ട്രഷറിയിൽ ചെലാൻ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.

2&3. അത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

വകുപ്പിൽ നിന്നും NGOകൾക്ക് ധനസഹായം നൽകുന്നത് സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയാണ്. ഒരു സാമ്പത്തിക വർഷം ധനസഹായം അനുവദിച്ച സ്ഥാപനം, തുടർ വർഷവും അതേ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുകയും ധനസഹായത്തിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്താൽ, സ്ഥാപനത്തിന്റെ പ്രവർത്തനവും ധനവിനിയോഗവും പരിശോധിച്ച് ക്രമ പ്രകാരമാണെന്ന് കാണുന്ന പക്ഷം തുടർ അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നുണ്ട്.

AN

FCD m
19/12/18.

4. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ (ഭിന്നശേഷിക്കാർ, മുതിർന്ന പൗരൻമാർ, ട്രാൻസ്ജൻഡർ) ഉന്നമനത്തിനായാണ് സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇത്തരക്കാരെ സമൂഹത്തിന്റെ മുൻനിരയിലെത്തിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് വകുപ്പിന്റെ ഉദ്ദേശം, എന്നാൽ എല്ലാ പദ്ധതികളും സർക്കാരിന് നേരിട്ട് നടത്തുവാൻ സാധിക്കാതെ വരുന്നു. ടി സാഹചര്യത്തിലാണ് ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും മികച്ച രീതിയിൽ പ്രവർത്തനം കാഴ്ച വയ്ക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകൾക്ക് വകുപ്പിൽ നിന്നും ധനസഹായം നൽകി വരുന്നത്.

ടി മേഖലയിൽ മികച്ച രീതിയിൽ തുടർ പ്രവർത്തനം നടത്തുന്നവർക്ക്, സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാകുന്നതനുസരിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം പ്രകാരം തുക അനുവദിക്കുകയും ജില്ലാതലത്തിലും, ഡയറക്ടറേറ്റ് തലത്തിലും നേരിട്ട് എൻക്വയറി, ഓഡിറ്റ് എന്നിവ നടത്തുകയും ചെയ്യുന്നു. അനുവദിച്ച തുക പ്രൊപ്പോസൽ പ്രകാരം ചെലവഴിക്കുകയും, ആയത് പ്രകാരമുള്ള ഒറിജിനൽ വൗച്ചറുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്ത്, സ്ഥാപനം ഫണ്ട് ക്രമപ്രകാരമാണ് ചെലവഴിച്ചിരിക്കുന്നതെന്നും ടി പദ്ധതി ഭിന്നശേഷിക്കാർക്ക് പ്രയോജനപ്രദമാണെന്നും, ബോദ്ധ്യപ്പെടുന്ന പക്ഷം, തുടർ വർഷത്തിലും സ്ഥാപനത്തിനെ ധനസഹായത്തിനായി പരിഗണിക്കുന്നുണ്ട്.

4(D). 'ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി' എന്ന സംഘടന, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾ ചേർന്ന് രൂപം കൊടുത്ത സംഘടനയാണ്. അതിനാൽ ടി സംഘടനയിലെ അംഗങ്ങളെല്ലാം ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കളാണ്.

സംഘടനയിലെ തസ്തികകൾ സൃഷ്ടിക്കുന്നതും, ജീവനക്കാരെ നിയോഗിക്കുന്നതും ശമ്പളം നിർണ്ണയിക്കുന്നതും സംഘടന തന്നെയാണ്. സംസ്ഥാന ധന വകുപ്പ് താൽക്കാലിക ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള കരാർ വേതന നിരക്കിൽ അധികരിക്കാതെയാണ് NGOകൾക്ക് വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. എന്നാൽ സംഘടന സമർപ്പിക്കുന്ന പ്രൊപ്പോസൽ തുകയുടെ ഒരു വിഹിതം (10-20%) സംഘടനയാണ് വഹിക്കുന്നത്. വകുപ്പ് അനുവദിക്കുന്ന നിശ്ചിത തുകയ്ക്ക് പുറമേ സംഘടനയുടെ വിഹിതവും ചേർത്താണ് തുക ചെലവഴിക്കുന്നത്.

5. സാമൂഹ്യനീതി ഡയറക്ടറുടെ പ്രതിനിധി എന്ന നിലയിലും, ഒരു ജില്ലയിലെ വകുപ്പിന്റെ ഉയർന്ന പദവിയിലുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിലുമാണ് ടി ജില്ലയിലെ സ്ഥാപനങ്ങളുടെ അന്വേഷണ ചുമതല ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് നൽകിയിട്ടുള്ളത്.

6. 2018-19-ൽ വകുപ്പിൽ നിന്നും ധനസഹായം നൽകുന്നതിനായി 13 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. വിവരങ്ങൾ സംബന്ധിച്ച പകർപ്പിനായി 2 രൂപ ട്രഷറിയിൽ ചെലാൻ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.

7. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

8&9. ഭിന്നശേഷിക്കാർക്കായി ഈ കാര്യാലയത്തിൽ നിന്നും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളുടെ പകർപ്പിന് 7 പേജുകളുണ്ട്. ഇതിലേയ്ക്കായി താങ്കൾ 14 രൂപ 0070-60-800-36-RTI Receipts എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചെലാൻ രസീത് ഹാജരാക്കുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കുന്നതാണ്.

10. RPWD Act 2016 പ്രകാരം State Rule തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ലാത്ത പക്ഷം, മറുപടി ലഭിച്ച് 30 ദിവസത്തിനുള്ളിൽ ചുവടെ ചേർക്കുന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ശ്രീമതി. കെ. ഗീത,**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**5th ഫ്ലോർ, വികാസ് ഭവൻ,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം**

AN

**സാമൂഹ്യനീതി വകുപ്പ്**

**അംഗപരിമിതർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

**ആമുഖം**

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവർക്ക് സുരക്ഷയും ജീവിത സാഹചര്യങ്ങളും ഒരുക്കുന്നതിനും RPWD Act 2016 പ്രകാരമുള്ള നിയമ പരിരക്ഷ ഉറപ്പാക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ ക്ഷേമ പദ്ധതികള് നടപ്പിലാക്കി വരുന്നു. അതു പ്രകാരം നാൽപ്പതു ശതമാനമോ അതിനു മുകളിലോ വൈകല്യ ബാധിതരായവർക്ക്, മെഡിക്കൽ ബോർഡ് അനുവദിക്കുന്ന അംഗപരിമിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തില് ആനുകൂല്യങ്ങള് നൽകി വരുന്നു. അപ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച ലഘു വിവരണം ഇതോടൊപ്പം നൽകുന്നു. ടി പദ്ധതികളുടെയെല്ലാം ഇംപ്ലിമെന്റേഷൻ ഓഫീസര് ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്. അതിനാൽ അപേക്ഷകള് സമർപ്പിക്കേണ്ടത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ്. പദ്ധതികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, അപേക്ഷ ഫോറത്തിനുമായി www.sjd.kerala.gov.in എന്ന website സന്ദർശിക്കുക.

1. **പരിരക്ഷാ പദ്ധതി**

അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.

**പ്രത്യേകതകൾ**

- അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കിരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര സഹായം.
- ആശ്രയമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ ക്ഷേമ സ്ഥാപനങ്ങളിലെത്തിക്കുന്നു.
- അടിയന്തിര സഹായമായതിനാല് വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിനു മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കിയിരിക്കേണ്ടതാണ്.

2. **സ്വാശ്രയ പദ്ധതി**

തീവ്ര മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്ന മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ധനസഹായം.

**പ്രത്യേകതകൾ**

- ഒറ്റത്തവണ ധനസഹായം – 35,000/- രൂപ
- ഒരു ജില്ലയിൽ ഒരു വർഷം പരമാവധി 15 പേർക്ക് അനുവദിക്കുന്നു.
- വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

3. **മാതൃജ്യോതി പദ്ധതി**

കാഴ്ച വൈകല്യം ബാധിച്ച അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ധനസഹായം നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

- മാസം 2000/- രൂപ ക്രമത്തില് 24 മാസം വരെ ധനസഹായം.
- ഒരു ലക്ഷം രൂപ വരെ വരുമാന പരിധി.

4. **വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം**

അംഗപരിമിതർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

AN

- ഒറ്റത്തവണ ധനസഹായം പരമാവധി 5000/- രൂപ
- വരുമാന പരിധി – ഗ്രാമങ്ങളില് 20,000/-

  നഗരങ്ങളിൽ - 24,000/-
- ചികിത്സയിലാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

5. **പരിണയം**

അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി.

**പ്രത്യേകതകൾ**

- ഒറ്റത്തവണ ധനസഹായം – 30,000/- രൂപ
- വിവാഹത്തിന് ഒരു മാസം മുൻപ് അപേക്ഷ സമർപ്പിക്കണം.
- വരുമാന പരിധി – 36,000/- രൂപ

6. **വിദ്യാജ്യോതി പദ്ധതി**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.

**പ്രത്യേകതകൾ**

- ഒൻപതാം ക്ലാസ്സ് മുതല് PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.
- സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവര് അപേക്ഷിച്ചാല് മതി.
- BPL വിദ്യാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

7. **വിദ്യാകിരണം പദ്ധതി**

അംഗപരിമിതരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം.

**പ്രത്യേകതകള്**

- കുട്ടികളെ നാല് വിഭാഗമായി തിരിച്ച് ഒരു അധ്യയന വർഷം 10 മാസത്തേയ്ക്ക് ധനസഹായം നൽകുന്നു.
- വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- 1-5 വരെ 300/Month

  6-10 വരെ 500/Month

  +1, +2, IT തത്തുല്യ കോഴ്സുകൾ - 750/Month

  Degree, PG Poly technic – 1000/ month
- വരുമാന പരിധി – ഒരു ലക്ഷം രൂപ
- വിദ്യാലയ മേധാവി മുഖാന്തിരം ആവശ്യമായ രേഖകൾ സഹിതം പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

8. **ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**

ഒന്നാം ക്ലാസ്സു മുതൽ പ്രൊഫഷണല്/പിജി കോഴ്സുകൾക്കു പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

- വരുമാന പരിധി – 36,000/- രൂപ

* വിദ്യാലയ മേധാവി മുഖാന്തിരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

| ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റല് വിദ്യാർത്ഥികൾക്ക് | റീഡേഴ്സ് അലവൻസ് (അന്ധ വിദ്യാർത്ഥിയ്ക്ക്) |
|---|---|---|---|
| 1-4 | 300/- | - | 200/- |
| 5-10 | 500/- | - | 200/- |
| +1, +2, IT തത്തുല്യ കോഴ്സ് | 750/- | 1000/- | 300/ |
| ഡിഗ്രി, പോളിടെക്നിക്, തത്തുല്യ കോഴ്സുകൾ | 1000/- | 1500/- | 400/- |
| പിജി കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകള് | 1000/- | 1500/- | 400/- |

9. **കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റമാർക്ക് റീഡേഴ്സ് അലവൻസ് നൽകുന്ന പദ്ധതി**

വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി.

**പ്രത്യേകതകള്**

* എക്സ്ഗ്രേഷ്യാ അലവൻസ് - 3000/- രൂപ (ഒറ്റത്തവണ)
  വായനാ സഹായി അലവൻസ് - 4000/Month
* 8 വർഷം വരെ ധനസഹായം.
* ഫുൾടൈം റീഡര് അസിസ്റ്റന്റ് ഉണ്ടെന്നുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം.
* യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
* വായനാ സഹായി SSLC പാസ്സായിരിക്കണം.

10. **സഹായ ഉപകരണ വിതരണ പദ്ധതി**

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

* വരുമാന പരിധി ഒരു ലക്ഷം രൂപ
* അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
* സർക്കാർ/സർക്കാര് ഇതര സ്ഥാപനങ്ങളില് നിന്നും ഒരു തവണ ഉപകരണം ലഭിച്ചവര് ടി പദ്ധതി പ്രകാരം അർഹരല്ല.

11. **ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി**

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാന് കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താംക്ലാസ് പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

- പരീക്ഷാ ഫീസ് – കോഴ്സ് ഫീസ് എന്നിവ നൽകുന്നു.
- സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്നു.
- വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

12. **വ്യക്തിഗത പരിപാലന പദ്ധതി**

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി.

- ഇതിലൂടെ ഓരോ ഭിന്നശേഷിക്കാരന്റെയും വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കി അതിലൂടെ അവർക്കനുയോജ്യമായ പദ്ധതികള് രൂപീകരിക്കുന്നു.
- തെരഞ്ഞെടുത്ത അങ്കണവാടി പ്രവർത്തകര് മുഖേന വിവരങ്ങള് ശേഖരിച്ച് അനുബന്ധ വകുപ്പുകള് മുഖേന പദ്ധതി നടപ്പാക്കുന്നതാണ്.

13. **ബാരിയർ ഫ്രീ കേരള**

സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- കണ്ണൂർ ജില്ലയെ സമ്പൂർണ്ണ അംഗപരിമിത സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.
- മലപ്പുറം, വയനാട് ജില്ലകളെ കൂടി സമ്പൂർണ്ണ അംഗപരിമിത സൗഹൃദ ജില്ലകളായി കാലതാമസം കൂടാതെ പ്രഖ്യാപിക്കുന്നതാണ്.
- മറ്റു ജില്ലകളിലെ പൊതു കാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

14. **നിരാമയ പദ്ധതി**

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി.

- നാഷണൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന സ്കീമുകളിൽ പ്രധാനപ്പെട്ട ഒന്നാണ് നിരാമയ ഇൻഷുറൻസ് സ്കീം.
- ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭിക്കുന്നു.
- പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും പ്രീമിയം തുക അടക്കണം.
- കേരളത്തിൽ ഈ പ്രീമിയം തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ വഴി അടക്കുന്നു.
- എല്ലാ വർഷവും എപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് പദ്ധതി കാലാവധി.
- എല്ലാ വർഷവും പോളിസി പുതുക്കണം. പുതുക്കുന്നതിന് ബി.പി.എൽ വിഭാഗം 50 രൂപയും, എ.പി.എൽ വിഭാഗം 250 രൂപയും പ്രീമിയം തുക അടക്കണം. ഈ തുകയും കേരളത്തിൽ സംസ്ഥാന സർക്കാർ തന്നെയാണ് അടക്കുന്നത്.

15. **പുനർജ്ജനി പദ്ധതി**

അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- പുനർജ്ജനി എന്ന പേരില് ക്ഷേമ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷന് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്നു.

- പാലക്കാട് നിർമ്മിതി കേന്ദ്ര മുഖേന കെട്ടിട നവീകരണ പ്രവർത്തനങ്ങള് സ്വീകരിച്ച വരുന്നു.

16. **സ്റ്റീഫൻ ഹോക്കിങ്സ് സെന്റർ ഫോര് എക്സലൻസ് (SHCE)**

കലാകായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള അംഗപരിമിതരായ കുട്ടികൾക്ക് മികച്ച രീതിയിൽ പഠന സാധ്യതകള് ഉറപ്പ വരുത്തുന്നതിനുള്ള പദ്ധതി.

- NISH/NIPMR ആസ്ഥാനമാക്കി പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാര് അനുമതി ലഭ്യമായിട്ടുണ്ട്.

17. **നാഷണൽ ട്രസ്റ്റ് ലീഗല് ഗാർഡിയൻഷിപ്പ്**

- ഓട്ടിസം, സെറിബ്രൽ പാൽസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പ്ൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള നിയമം.
- ഇത്തരം വ്യക്തികളെ കഴിയുന്നത്ര സ്വന്തം കുടുംബങ്ങൾക്കുള്ളിൽ തന്നെ ജീവിക്കാൻ സഹായിക്കുന്നതിന് സൌകര്യങ്ങൾ ഒരുക്കുക.
- നിയമപരമായ രക്ഷാകർതൃത്വം (ലീഗൽ ഗാർഡിയൻഷിപ്പ്) നൽകുന്നതിന് നടപടി സ്വീകരിക്കുക.
- നിയമപരമായ രക്ഷാകർത്താവിനെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
- ഇത്തരം വ്യക്തികളുടെ സ്വത്തിന് സംരക്ഷണം നൽകുക.
- രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നാഷണൽ ട്രസ്റ്റിന്റെ വിവിധ സ്കീമുകൾ നടപ്പിലാക്കുക

**നിയമപരമായ രക്ഷാകർതൃത്വം**

- കുട്ടിക്ക് 18 വയസ്സാകുന്നതു വരെ എല്ലാ രക്ഷിതാക്കളും അവരുടെ കുട്ടികളുടെ നിയമപരമായ രക്ഷിതാക്കളായിരിക്കും.
- നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാണെന്ന് കരുതുന്നില്ല.
- ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകേണ്ടിയിരിക്കുന്നു.
- ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിക്കാണ് ഇത് നൽകുന്നതിനുള്ള അധികാരം.

18. **അംഗപരിമിത നിയമനം**

PWD Act 1995-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാര് സർവ്വീസില് 3% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

- 2677 സൂപ്പർന്യൂമററി തസ്തികകള് സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തില് വിവിധ വകുപ്പുകളില് സേവനം അനുഷ്ഠിച്ചിട്ടുള്ള 2131 അംഗപരിമിതർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

19. **അംഗപരിമിതർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും**

എല്ലാ വർഷവും ഡിസംബര് 3-ന് അംഗപരിമിത ദിനമായി ആചരിച്ച വരുന്നു.

- ജില്ലാതലത്തിൽ അംഗപരിമിതർക്കായി കായിക മേളയും, കലാപരിപാടികളും സംഘടിപ്പിക്കുന്നു.
- കൂടാതെ വകുപ്പ മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ലയില് സംസ്ഥാനതല ആഘോഷങ്ങള് സംഘടിപ്പിക്കുന്നു.
- ടി ദിവസം അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡ് വിതരണം ചെയ്യുന്നു.

- മികച്ച അംഗപരിമിത ജീവനക്കാർ, അംഗപരിമിത സേവനം നടത്തുന്ന മികച്ച സ്ഥാപനങ്ങൾ, കൂടുതൽ അംഗപരിമിതർക്ക് ജോലി നൽകുന്ന മികച്ച സ്ഥാപനങ്ങള് എന്നീ മേഖലകളിലാണ് അവാർഡ് നൽകുന്നത്.

## 20. സർക്കാര് തൊഴില് പരിശീലന കേന്ദ്രങ്ങള്

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോട്ടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

- ടി സ്ഥാപനങ്ങൾ മുഖേന, ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്സ്, ഗാർമെന്റ് മേക്കിംഗ് എന്നിവയിൽ പരിശീലനം നൽകി വരുന്നു.
- ഇതോടൊപ്പം കെൽട്രോണ് നടത്തുന്ന DCA-DTP കോഴ്സുകളിലും പരിശീലനം നൽകുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു.

## 21. വൈകല്യമുള്ളവർക്കായുള്ള സർക്കാര് സ്ഥാപനങ്ങള്

### 1. ആശാഭവൻ (6 എണ്ണം)

മാനസിക രോഗ മുക്തരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവർക്കും വേണ്ടിയുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനങ്ങൾ.

### 2. പ്രത്യാശാ ഭവൻ (1 എണ്ണം)

ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നു.

### 3. പ്രതീക്ഷാ ഭവൻ (1 എണ്ണം)

ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സംരക്ഷിക്കുന്നു.

### 4. ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രന് (1)

ബുദ്ധിമാന്ദ്യമുള്ള 4-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം.

### 5. വൃദ്ധ വികലാംഗ സദനങ്ങൾ (3 എണ്ണം)

ഭിന്നശേഷിയുള്ള മുതിർന്ന പൗരൻമാരെ സംരക്ഷിക്കുന്നതിനായിട്ടുള്ള സ്ഥാപനം. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനം.

### 6. ബാല വികലാംഗ സദനങ്ങൾ (2 എണ്ണം)

ഭിന്നശേഷിയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും, ഇവർക്ക് വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവ നൽകുന്നതിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം.

## 22. സർക്കാർ സഹായം എൻ.ജി.ഒ.കൾ/മറ്റു ഏജൻസികള് മുഖേന

അംഗപരിമിത ക്ഷേമ പ്രവർത്തനങ്ങള് നടത്തുന്ന സർക്കാര് അംഗീകാരമുള്ള സർക്കാരിതര സ്ഥാപനങ്ങൾക്കും, ഏജൻസികൾക്കും സാമ്പത്തിക സഹായം നൽകുന്നു.

- ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നത് NIDAS പ്രോജക്ട് NISH മുഖേന നടപ്പിലാക്കുന്നു.

- വിവര സാങ്കേതിക വിദ്യയിലൂടെ ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന്, കമ്പ്യൂട്ടർ പരിശീലനം, കൂടാതെ തൊഴിൽ പരിശീലനം, ഒക്കുപേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് വിവിധ എൻ.ജി.ഒ.കൾക്ക് ധനസഹായം നൽകുന്നു.
- വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് IMHANS മുഖേന Mobile Mental Health Centre പ്രോജക്ട് നടപ്പിലാക്കുന്നു.
- മാനസിക രോഗ ബാധിതർക്കായി കോഴിക്കോട് IHMAHNS മുഖേനയും മാനസിക വെല്ലുവിളി നേരിടുന്നവർക്കായി ആദർശ് ചാരിറ്റബിള് ട്രസ്റ്റ് എറണാകുളം, ഫെയ്ത്ത് ഇന്ത്യ പാലക്കാട് എന്നിവ മുഖേനയും ഡെ കെയർ സെന്ററുകള് നടപ്പാക്കുന്നു.
- ബുദ്ധി വികാസ വൈകല്യം നേരിടുന്നതിനായി നേരത്തെയുള്ള ഇടപെടൽ, ചികിത്സ, പുനരധിവാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കായി കാലിക്കറ്റ് സർവ്വകലാശാല സൈക്കോളജി വിഭാഗം CDMRP എന്ന പദ്ധതി നടപ്പിലാക്കുന്നു.
- തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോര് മെഡിക്കൽ സയൻസ് & ടെക്നോളജി Growing Beyond Barriers Epilepsy Care through Schools എന്ന പദ്ധതി നടപ്പിലാക്കുന്നു.
- മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ (510) പഠനം നടത്തി Learning Disability, ADHB എന്നിവ ഉള്ളവർക്ക് പരിചരണം നൽകുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗം Early Identification and community Based Intervention Programme for Children with Hearing Disability and ADHD എന്ന പദ്ധതി നടപ്പിലാക്കുന്നു.
- കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ക്ഷേമ സ്ഥാപനങ്ങളിലെ (വനിതാ ശിശു വികസന വകുപ്പിലെ സ്ഥാപനങ്ങൾ ഉൾപ്പെടെ) അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്ന പദ്ധതി കോഴിക്കോട് IMHANS മുഖേന നടപ്പിലാക്കുന്നു.
- മുച്ചിറി, മുറി അണ്ണാക്ക് എന്നീ മുഖ വൈകല്യത്തോടു കൂടി ജനിക്കുന്ന കുട്ടികൾക്ക് പത്തനംതിട്ട സെന്റ് തോമസ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റല് സൗജന്യ ശസ്ത്രക്രിയ നടത്തുന്നു. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും, ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന കുട്ടികളെ അനുഗമിക്കുന്ന ബൈസ്റ്റാൻഡേഴ്സിന് യാത്രാ ചെലവ് നൽകുന്നതിനും വകുപ്പ് ധനസഹായം നൽകി വരുന്നു.
- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് Corrective Surgery നടത്തുന്നതിനും അംഗപരിമിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി മറ്റ് ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി VKM ട്രസ്റ്റ് മുഖേന മൊബിലിറ്റി മിഷന് എന്ന പദ്ധതി നടപ്പാക്കുന്നു.

## തിരുവനന്തപുരം ആസ്ഥാനമായുള്ള മെറ്റബോളിക് ഡിസോർഡര് റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ച വരുന്നു.

- വീൽ ചെയറില് കഴിയുന്നവർക്ക് വീട്ടിലിരുന്ന് സ്വയം തൊഴില് ചെയ്ത് വരുമാനം കണ്ടെത്തുന്നതിനായി All Kerala Wheel Chair Rights Federation എന്ന സംഘടനയ്ക്ക് ധനസഹായം അനുവദിക്കുന്നു.
- മാനസിക രോഗമുള്ളവരും, രോഗം ഭേദമായിട്ടും ബന്ധുക്കൾ ഏറ്റെടുക്കാത്തതുമായ ആളുകളെ പുനരധിവസിപ്പിക്കുന്ന സർക്കാര് അംഗീകൃത സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യല് ഗ്രാന്റ് ഇന്-എയ്ഡ് അനുവദിച്ച വരുന്നു.